# ബിഗ് സ്ക്രീനിൽ അവതാര ലീലകൾ

കണ്ണൻ

മനുഷ്യാവതാരങ്ങളെ സൃഷ്ടിച്ച മടുത്ത രഞ്ജിത്ത് എന്ന സംവിധായകൻ ദൈവത്തെ സ്ക്രീനിലവതരിപ്പിച്ച് സായൂജ്യമടയുകയാണ് 'നന്ദനം' എന്ന സിനിമയിലൂടെ.

വിഷുവിന് റിലീസിങ്ങിനു വച്ചിരുന്ന നന്ദനം ഡിസംബറിൽ പ്രദർശനത്തിനെത്തിയപ്പോഴാണ് ദൈവത്തിന്റെ മായാവിലാസം കണ്ട് തൃപ്തിയടയേണ്ടിവന്നത്. ഭക്തിയും പ്രേമവുമൊക്കെ ഇടകലർത്തി മെനഞ്ഞെടുത്ത ഈ ചിത്രം കാണുമ്പോൾ സംവിധായകൻ ഒരു 'നഖക്ഷതങ്ങൾ-2' എടുക്കാനുള്ള ശ്രമമായിരുന്നില്ലേ എന്നു തോന്നുക സ്വാഭാവികം. ചെത്തുപയ്യന്മാരുടെ ചുവടുവെപ്പിച്ച് പ്രേമ സാക്ഷാത്കാരത്തിലെത്തിക്കുന്ന 'അമ്പാടിക്കണ്ണ'ന്റെ പെർഫോമൻസ് തന്നെ ചിത്രത്തിന്റെ ഗതികേട്.

ഒരു വലിയ വീട്ടിലെ പ്രാരാബ്ധക്കാരിയായ ഒരു വീട്ടുവേലക്കാരിയായ നായികയ്ക്കും (നവ്യാനായർ) ആ വീട്ടിലെ മുത്തശ്ശിയുടെ പേരക്കുട്ടിയുമായുണ്ടാകുന്ന (പൃഥ്വിരാജ്) പ്രണയമാണ് ഇതിവൃത്തം. മറ്റൊരു വിവാഹത്തിന് അമ്മയുടെ നിർബന്ധത്തിന് സമ്മതിക്കേണ്ടിവരുന്ന നായകൻ അവസാനം നായികയുമായുള്ള വിവാഹത്തിലെത്തുന്നു. അനിശ്ചിതാവസ്ഥകളിൽ നായികയെ നയിക്കുന്ന അയൽക്കാരനായ ഉണ്ണിയായി വേഷം മാറിയെത്തുന്ന സാക്ഷാൽ 'ഗുരുവായൂരപ്പൻ' ഈ ചിത്രത്തിലെ മറ്റൊരു പ്രധാന കഥാപാത്രമാണ്. കലാഭവൻമണി മുതൽ മരിച്ചുപോയ എൻ. എഫ്. വർഗ്ഗീസു വരെ ഉൾപ്പെടുന്ന ഒരു പിടി അതിഥി താരങ്ങളുടെ ബഹളമാണ് ഈ സിനിമയിൽ മുഴച്ചുനിൽക്കുന്ന മറ്റൊരു ഘടകം.




മനുഷ്യാവതാരങ്ങളായ മംഗലശ്ശേരി നീലകണ്ഠനിൽ നിന്നും ജഗന്നാഥനിൽ നിന്നും നന്ദനത്തിലെ പ്രണയകഥയിലേക്കുള്ള രഞ്ജിത്തിന്റെ ചുവടുമാറ്റമാണ് ഈ ചിത്രത്തിന്റെ പ്രത്യേകത. അതിലുപരി 'വിശ്വാസ'ങ്ങൾക്ക് എന്നും പ്രാധാന്യം കല്പിക്കുന്ന സിനിമാ രംഗത്തെ അന്ധവിശ്വാസങ്ങളുടെ മേമ്പൊടിയും ഈ ചിത്രത്തിലൂടെ പുറത്തുവരുന്നു. പ്രണയസാക്ഷാത്കാരത്തിൽ 'വിശ്വാസ'ത്തിന്റെ പങ്ക് ഒട്ടേറെ പേരെ ലക്ഷ്യത്തിലെത്താൻ സഹായിച്ചിട്ടുണ്ടെന്ന ബലവും ഊട്ടിയുറപ്പിക്കുകയാണിവിടെ. രഞ്ജിത്തിന്റെ ശിവഭക്തിയിൽ നിന്നും കൃഷ്ണഭക്തിയിലേക്കുള്ള മാറ്റവും മറ്റു ചില വിശ്വാസങ്ങളുടെ പുറത്താകാതെ തരമില്ല. നായക കഥാപാത്രങ്ങൾക്ക് ശിവ പര്യായങ്ങൾ നല്കി സംഹാരതാണ്ഡവമാടുന്ന കഥാപാത്രങ്ങളിൽ നിന്നും പ്രണയവും ഭക്തിയും തുളുമ്പുന്ന ഒരു 'പ്രണയകാവ്യ'മെടുക്കാൻ പ്രേരിപ്പിച്ചതെന്തായാലും 'നിരുപദ്രവകര'മെന്ന ലേബൽ സിനിമയ്ക്ക് ലഭിച്ചതിൽ രഞ്ജിത്തിന് ആശ്വസിക്കാം.

നഖക്ഷതങ്ങളിലേയും സല്ലാപത്തിന്റേയും കഥാശകലങ്ങളെ ചേർത്ത് ഒരു 'പാവാടക്കാരി'യുടെ ക്ലീഷേ പ്രണയകഥ തന്നെയാണ് നന്ദനം പറയുന്നത്. ഹിറ്റ് ഗാനങ്ങൾ ചിത്രത്തിന്റെ പ്ലസ് പോയിന്റാണ്. നവ്യാനായരുടെ അഭിനയം ഈ ചിത്രത്തിൽ ശ്രദ്ധേയമാണ്.

ഗുരുവായൂർ ക്ഷേത്രപരിസരവും ഭക്തിയും നാട്ടിൻപുറചിത്രങ്ങളും പാവാടയും ജാക്കറ്റുമിട്ട നായികയും ഗ്രാമ്യമായ ഭാഷയും മുത്തശ്ശിയും ഉണർത്തുന്ന ശാന്തമായ അന്തരീക്ഷവും പ്രണയത്തിന്റേയും സംഗീതത്തിന്റേയും മേമ്പൊടിയും ചിത്രത്തെ ഒരു പ്രണയസംഗീതമാക്കാൻ ഇതിൽപ്പരം എന്തുണ്ട്? എന്നാൽ ഇതുപോലുള്ള അനുകരണം മാത്രം മതിയോ ഒരു ഹൃദ്യമായ സിനിമാനുഭവമാകാൻ എന്ന ചോദ്യമാണ് ഈ സിനിമ ഉയർത്തുന്നത്. 'വിശ്വാസ'ങ്ങളെ കൂട്ടുപിടിച്ച് സിനിമയെ വികലമാക്കാനാകും എന്നുകൂടി ഈ സിനിമ തെളിയിക്കുന്നു. വിശ്വാസമുള്ള ഹൃദയങ്ങളിൽ ദൈവം പ്രവാചകനാവുകയും ലക്ഷ്യത്തോടടുപ്പിക്കുകയും ചെയ്യുന്നുവെന്ന വാദമുണ്ടാകാം. എന്നാൽ ഇത്തരം കോപ്രായങ്ങൾ മലയാളിപ്രേക്ഷകർ സ്വീകരിക്കുമോ? കണ്ടറിയുക തന്നെ.